# ശമ്പള നിർണ്ണയം നടത്തേണ്ടവിധം

1. **ശമ്പള പരിഷ്ക്കാരം :-** സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം ഓപ്ഷൻ തീയ്യതിയിൽ ഫിക്സ് ചെയ്യാം. റീ ഫിക്സേഷൻ അനുവദനീയമല്ല. ഓപ്ഷൻ ശ്രദ്ധിച്ച് നൽകണം റീ ഓപ്ഷനും വ്യവസ്ഥയില്ല.

2. **പ്രൊമോഷൻ :-** പ്രൊഷൻ ലഭിക്കുന്ന തീയ്യതിയിൽ താഴ്ന്ന ശമ്പള സ്കെയിലിൽ (വാങ്ങിക്കൊണ്ടിരിക്കുന്ന സ്കെയിൽ ) അടിസ്ഥാന ശമ്പളത്തോടൊപ്പം ആ സ്കെയിൽ തന്നെ ഒരു ഇൻക്രിമെന്റ് നോഷണലായി ചേർത്ത കിട്ടുന്ന തുക ഉയർന്ന സ്കെയിൽ (പ്രൊമോഷൻ കിട്ടുന്ന സ്കെയിൽ) ഒരു സ്റ്റേജ് ആണെങ്കിലും അല്ലെങ്കിലും തൊട്ടടുത്ത സ്റ്റേജിൽ ഫിക്സ് ചെയ്യാം ഇപ്രകാരം ഫിക്സേഷൻ ശമ്പള സ്കെയിൽ തമ്മിൽ വ്യത്യാസം ഉണ്ടെങ്കിൽ മാത്രമേ ലഭിക്കുകയുള്ളൂ.(വാങ്ങിക്കൊണ്ടിരിക്കുന്ന ശമ്പള സ്കെയിലും പ്രൊമോഷൻ തസ്തികയിലെ ശമ്പള സ്കെയിലും ഒന്നാണെങ്കിൽ മേൽ ഫിക്സേഷൻ ലഭിക്കുകയില്ല എന്നർത്ഥം) പ്രൊണോഷൻ വഴിയുള്ള ഫിക്സേഷനിൽ റീ ഫിക്സേഷൻ അനുവദനീയമാണ്. (Circular 2/91 of RCS).

3. **ഗ്രേഡ് ലഭിക്കുമ്പോവുള്ള ഫിക്സേഷൻ :-** ഗ്രേഡ് ലഭിക്കുമ്പോൾ നിലവിലുള്ള സർക്കാർ ഉത്തരവ് പ്രകാരം (G.O. (MS) Co Op dt 25-1-1996) പ്രൊമോഷൻ ലഭിക്കുമ്പോൾ നടത്തുന്ന ഫിക്സേഷൻ പ്രകാരം തന്നെ ഫിക്സ് ചെയ്യാം. എന്നാൽ രീ ഫിക്സേഷൻ ലഭിക്കുകയില്ല. കാരണം വിദ്യാഭ്യാസ യോഗ്യതയുള്ള ജീവനക്കാരന് ഗ്രേഡ് പ്രൊമോഷൻ പോസ്റ്റിന് തുല്യമായ ഗ്രേഡേ സ്കെയിൽ ലഭിക്കും അതിനാൽ പിന്നീട് പ്രൊമോഷൻ ലഭിക്കുമ്പോൾ ശമ്പള സ്കെയിൽ ഒന്നു തന്നെ ആയിരിക്കുംഎന്നതിലാണ് ഫിക്സേഷൻ ലഭിക്കാത്തത്. എന്നാൽ വിദ്യാഭ്യാസ യോഗ്യത ഇല്ലാത്തവരുടെ കാര്യത്തിൽ ഗ്രേഡ് ലഭിക്കുമ്പോൾ രജിസ്റ്റാർ നിർദ്ദേശിച്ചിട്ടുള്ള ശമ്പള സ്കെയിലിലാണ് അനുവദിക്കുന്നത്. ഇത്പ്രകാരം ഗ്രേഡ് ലഭിച്ചയാൾ പിന്നീട് വിദ്യാഭ്യാസ യോഗ്യത നേടി പ്രൊമോഷൻ ലഭിക്കുമ്പോൾ പ്രൊമോഷൻ സ്കെയിൽ ഉയർന്നതായാൽ ഒരു ഫിക്സേഷൻ ലഭിക്കും ഗ്രേഡ് ലഭിച്ചശേഷം ക്ലാസ് മാറ്റം വന്നാൽ സമ്പളം നിർണ്ണയിക്കേണ്ടത് ഗ്രേഡിന് മുൻപ് ഏത് റെഗുലർ തസ്തികയിൽ ഇരുന്നിരുന്നോ അതിന്റെ അടിസ്ഥാനത്തിലായിരിക്കണം.

**ക്ലാസ് മാറ്റം മൂലം ശമ്പള നിർണ്ണയം (സർക്കുലർ 46/88)**

1. ക്ലാസ് മാറ്റം മൂലം ഏതെങ്കിലും തസ്തികയുടെ ശമ്പള സ്കെയിൽ മാറ്റം വരുന്ന അവസരത്തിൽ ജീവനക്കാരൻ താഴ്ന്ന ശമ്പള സ്കെയിലിൽ (ക്ലാസ് മാറ്റം വഴിവരുന്ന പുതിയ സ്കെയിൽ ) ഒരു സ്റ്റേജ് അല്ലെങ്കിൽ അടുത്ത സ്റ്റേജിൽ അടിസ്ഥാന ശമ്പളം നിർണ്ണയിക്കാം. ഇപ്രകാരം നിർണ്ണയിക്കുമ്പോൾ അയാൾക്ക് ഇൻക്രിമെന്റ് ലഭിച്ചു കൊണ്ടിരുന്ന തീയ്യതിക്കു തന്നെ ഉയർന്ന ശമ്പള സ്കെയിലിൽ ഇൻക്രിമെന്റ് ലഭിക്കും. ക്ലാസ് മാറ്റം വന്ന അവസരത്തിൽ ജീവനക്കാരൻ താഴ്ന്ന ശമ്പള സ്കെയിൽ വാങ്ങി വന്നിരുന്ന അടിസ്ഥാന ശമ്പളം ഉയർന്ന ശമ്പള സ്കെയിലിലും ഒരു സ്റ്റേജാണെങ്കിൽ അയാൾക്ക് അടുത്ത സ്റ്റേജിൽ അടിസ്ഥാന ശമ്പളം നിർണ്ണയിക്കണം. എന്നാൽ ഇപ്രകാരം ശമ്പലം നിർണ്ണയിക്കപ്പെടുന്ന ജീവനക്കാരന് ആതീയ്യതി (ശമ്പളം നിർണ്ണയിച്ച് നൽകിയ തിയ്യതി) മുതൽ ഒരു വർഷം കഴിഞ്ഞ് മാത്രമേ വാർഷിക ഇൻക്രിമെന്റ് നൽകുകയുള്ളൂ.

**മുകളിൽ പറഞ്ഞിട്ടുള്ള ശമ്പള നിർണ്ണയത്തിന്റെ ഉദാഹരണങ്ങൾ**

1. പ്രൊമോഷൻ :- ക്ലാസ് 1 അസി. സെക്രട്ടറി to ക്ലാസ് 1 സെക്രട്ടറി 1.4.1988

| | |
|---|---|
| നിലവിൽ വാങ്ങുന്ന ശമ്പള സ്കെയിൽ : 760-40-960-45-1185-50-1435 | |
| പുതിയ ശമ്പള സ്കെയിൽ (സെക്രട്ടറി) : 925-45-1195-50-1645 | |
| നിലവിലെ അടിസ്ഥാന ശമ്പലം (1.4.1988) | 1185 |
| താഴ്ന്ന സ്കെയിലിൽ നാഷണൽ ഇൻക്രിമെന്റ് | 50 |
| ആകെ | 1235 |
| പുതിയ ശമ്പളത്തിലെ ഉയർന്ന സ്റ്റേജ് | 1245 |

അതിനാൽ 1-4-88 ൽ ശമ്പളം 1245ൽ ഫിക്സ് ചെയ്യണം അടുത്ത ഇൻക്രിമെന്റ് 1-4-89ൽ ലഭിക്കും.ടി. ജീവനക്കാരന്റെ വാർഷിക ഇൻക്രിമെന്റ് താഴ്ന്ന തസ്തികയിൽ 1-7-1988ൽ ലഭിക്കേണ്ടതായിരുന്നു. എന്ന് കരുതുക എന്നാൽപ്രൊമോഷൻ അതിന് മുൻപ് ലഭിച്ചു. ടി. ജീവനക്കാരന് റീ ഫിക്സേഷന് അപേക്ഷ സമർപ്പിക്കാൻ അർഹതയുണ്ട്. അതുപ്രകാരം ഫിക്സേഷൻ താഴെ ചേർക്കുന്നു.

| | |
|---|---|
| 1.4-1988 ലെ ശമ്പളം | 1185 |
| 1.7.1988 ലെ ഇൻക്രിമെന്റ് | 1235 |
| 1.7.1988 ലെ ശമ്പളം | 1235 |
| താഴ്ന്ന സ്കെയിലിൽ നോഷണൽ ഇൻക്രിമെന്റ് | 50 |
| | 1285 |
| പുതിയ സ്കെയിലിലെ സ്റ്റേജ് | 1295 |

1.7.1988ൽ 1295 ഫിക്സ് ചെയ്യും. ഇൻക്രിമെന്റ് 1-7-1989ൽ ലഭിക്കും.
(ഗ്രേഡിന് മുകളിൽ പറഞ്ഞിരിക്കുന്ന ഫിക്സേഷൻ ബാധകമാണ്. എന്നാൽ റീ ഫിക്സേഷൻ ഇല്ല.)

II ക്ലാസ് മാറ്റം (Class I to Class I Spl.grades as on 1.4.88) സെക്രട്ടറി
ക്ലാസ് I ശമ്പള സ്കെയിലിൽ സെക്രട്ടറി 925-45-1195-50-1645
ക്ലാസ് I ലെ Spl grade ലെ ശമ്പള സ്കെയിൽ -1000-50-1250-60-1850
1-4-1988 ലെ അടിസ്ഥാന ശമ്പളം - 1195
ഇത് ക്ലാസ് IGPX grade ൽ ഒരു സ്റ്റേജ് അല്ല. അതിനാൽ അടുത്ത സ്റ്റേജ് ആയ 1200 ലഭിക്കും . ഇൻക്രിമെന്റ് 1.4.1989.

(Class I to Class I spl Grade Secretary) 171990

ശമ്പള സ്കെയിൽ ക്ലാസ് I(1-7-1990) :-1875-50-2125 60-2365-702715-803035-90-3215

ശമ്പള സ്കെയിൽ ക്ലാസ് I (Spl Grade)
2025-50-2125-60- 2365-70-2715-80 -3035-90-3305-100-3505

അടിസ്ഥാന ശമ്പളം 1-7-1990 :- 2025 ഇത് ഉയർന്ന സ്കെയിൽ ഒരു സ്റ്റേജാണ്. അതിനാൽ അടുത്ത സ്റ്റേജ് ആയ 2075 ൽ ഫികാസ് ചെയ്യാം എന്നാൽ അയാളുടെ ഇൻക്രിമെന്റ് തിയ്യതി ഏതായിരുന്നാലും 1.7.1991ൽ ഇൻക്രിമെന്റ് ലഭിക്കുകയുള്ളു.